
കവർസ്റ്റോറി

ഹർഷ് മന്ദർ

# ഇന്നത്തെ ഇന്ത്യയിൽ ഒരു മുസ്‌ലിമായിരിക്കുക എന്നാൽ




**“മുസ്‌ലിമായി** എന്ന കാരണത്താൽ പല നിലക്കും സ്വന്തം രാജ്യത്ത് രണ്ടാംതരം പൗരനായി ചുരുക്കപ്പെട്ടത് പോലെ എനിക്ക് അനുഭവപ്പെടുന്നു. നാം സ്നേഹിക്കുന്ന ഇന്ത്യ ഓരോ ദിവസവും നമുക്ക് നഷ്ടമാവുകയാണോ എന്നും ഞാൻ ഭയപ്പെടുന്നു.”

ഈ വാക്കുകളാണ്, ചില്ലറ മാറ്റങ്ങളോടെ, രാജ്യത്തിന്റെ വിദൂര ദിക്കുകളിൽനിന്ന് എത്തിച്ചേർന്നവരുടെ വൈവിധ്യ

**നിങ്ങൾ മുസ്‌ലിമാണോ, എങ്കിൽ നിങ്ങളുടെ കുലവും തൊഴിലും എന്താവട്ടെ, നിങ്ങൾ താമസിക്കുന്ന സ്ഥലം എവിടെയുമാവട്ടെ നിങ്ങൾ സുരക്ഷിതനല്ല. നിങ്ങൾ ഒരു മുസ്‌ലിമായാൽ, പ്രത്യേകിച്ച് ഒരു മുസ്‌ലിം പുരുഷനായാൽ നിങ്ങൾ സ്വാഭാവികമായി ഭീകരതയുടെ പേരിൽ സംശയിക്കപ്പെടുമെന്നതാണ് നില. നിങ്ങളുടെ കുറ്റം തെളിയിക്കേണ്ട ബാധ്യതയൊന്നും ഭരണകൂടത്തിനില്ല. നിങ്ങളുടെ നിരപരാധിത്വം തെളിയിക്കേണ്ട ബാധ്യത നിങ്ങൾക്ക് തന്നെയാണ്.**

---

മാർന്ന സ്വരങ്ങളിൽ മുഴങ്ങിയത്. ഇന്ന് ഇന്ത്യയിൽ മുസ്‌ലിംകളുടെ സ്ഥിതി എന്ത് എന്ന് ചർച്ച ചെയ്യാൻ ദൽഹിയിൽ ഈ ദേശീയ സമ്മേളനം വിളിച്ചു ചേർത്തത് അൻഹദ് എന്ന സംഘടനയാണ്; 2009 ഒക്ടോബർ 3 മുതൽ 5 വരെ തീയതികളിൽ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് നിരവധി വ്യക്തിത്വങ്ങളും സംഘടനാ പ്രതിനിധികളും പങ്കെടുത്തു. ഇന്ത്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷത്തിലെ അംഗങ്ങളെന്ന നിലയിൽ അവർ സ്വന്തം ജീവിതത്തെയും ബന്ധങ്ങളെയും തൊഴിലിനെയും ഭരണകൂടത്തെയും കുറിച്ച് സംസാരിച്ചു. സന്ധ്യ വൈകുവോളം നീണ്ട ഈ പിരിമുറുക്കമുള്ള ചർച്ചകളിൽ അലയടിച്ച വികാരങ്ങൾ ദുഃഖവും മോഹഭംഗവും വർധിച്ചുവരുന്ന നിരാശയുമായിരുന്നു. ഭരണകൂട സ്ഥാപനങ്ങളെക്കുറിച്ച് അവർ വല്ലാതെ നിരാശരായി; പ്രത്യേകിച്ച് പോലീസിനെയും ജുഡീഷ്യറിയെയും കുറിച്ച്. രാഷ്ട്രീയ പാർട്ടികളിലും ഒരു പരിധിവരെ മീഡിയയിലും അവർക്ക് പ്രതീക്ഷ നഷ്ടപ്പെട്ടിരിക്കുന്നു. വിട്ടുമാറാത്ത ഭയത്തിന്റെ മാനസികാവസ്ഥയും അവരെ പിടികൂടിയിരിക്കുന്നു.

ഒരുവശത്ത്, താനോ തന്റെ ഇഷ്ടജനങ്ങളോ ഭീകരവാദികളെന്ന് മുദ്രകുത്തപ്പെടുമോ എന്ന നിതാന്ത ഭീതി. അതോടൊപ്പം, ദീർഘകാലം നിയമവിരുദ്ധമായി തടങ്കലിൽ പാർപ്പിക്കപ്പെടുമോ എന്ന ഉത്കണ്ഠ. ജാമ്യം കിട്ടാതെ വരിക, മർദനമുറകൾ, ഏകപക്ഷീയമായ അന്വേഷണവും വിചാരണയും, നിയമപരിധിയിൽ പെടാത്ത കൊലപാതകം - ഇത്തരം ഭീതികളും അവരെ പിന്തുടരുന്നു. മറുവശത്ത്, നിത്യജീവിതത്തിൽ അവർ നേരിടുന്ന വിവേചനം - വിദ്യാഭ്യാസത്തിൽ, തൊഴിലിൽ, പാർപ്പിടം അനുവദിക്കുന്നതിൽ, പൊതുസേവന മേഖലകളിൽ. ഇതെല്ലാം സമുദായത്തെ ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടിന്റെയും പ്രതീക്ഷയറ്റ അവസ്ഥകളിൽ തളച്ചിടുന്നു. ഭരണകൂടത്തിന്റെ എല്ലാ സ്ഥാപനങ്ങളിലും പിടിമുറുക്കിയ വർഗീയ മുൻധാരണ ഇതിനൊക്കെ വളംവെച്ചുകൊടുക്കുകയും ചെയ്യുന്നു. പോലീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജുഡീഷ്യറിയിലും ഏതാണ്ടെല്ലാ രാഷ്ട്രീയ പാർട്ടികളിലും ഇത്തരം മുൻധാരണകൾ നിലനിൽക്കുന്നു. പ്രിന്റ്-വിഷ്വൽ മീഡിയയിലും മധ്യവർഗ സമൂഹങ്ങളിലും സ്ഥിതി ഒട്ടും ഭേദമല്ല. ഒപ്പം, വർഗീയ സംഘടനകൾ വളരെ വ്യവസ്ഥാപിതമായി സമുദായങ്ങൾക്കിടയിൽ വെറുപ്പും അകൽച്ചയും ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന അരക്ഷിതാവസ്ഥ ഈ മുൻവിധിയുടെയും, ഭീകരതാ വെല്ലുവിളികളെ നിയമവിരുദ്ധമായും നിയ

മത്തിന്റെ കരങ്ങൾക്ക് പിടികൊടുക്കാതെയും പോലീസ് നേരിടുന്നതിന്റെയും ഫല മായി ഉണ്ടായിത്തീർന്നതാണ്. ഓരോ ഭീകരാക്രമണത്തിന് ശേഷവും ഈ പാറ്റേൺ ആവർത്തിച്ചുകൊണ്ടിരിക്കും. ഇനി ഭീകരാക്രമണങ്ങൾ നടന്നില്ലെങ്കിൽ തന്നെ സംസ്ഥാന ഭരണകൂടങ്ങൾ അവകാശപ്പെടുക, ഗൂഢാലോചന ഉണ്ടായിരുന്നുവെന്നും അത് തങ്ങൾ കണ്ടെത്തി നിർവീര്യമാക്കി എന്നുമായിരിക്കും.

## ചോരയുറയുന്ന മാതൃകാ നിർമിതി

പോലീസ് നിയമവിരുദ്ധ വാഴ്ചയുടെ ചോരയുറയുന്ന മാതൃകാ നിർമിതി(pattern)യുടെ തെളിവുകൾ മഹാരാഷ്ട്ര, ഗുജറാത്ത്, ഉത്തർപ്രദേശ്, ജമ്മുകശ്മീർ, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് നമുക്ക് ലഭിക്കും. മുസ്‌ലിംകളെ പ്രത്യേകിച്ച് യുവാക്കളെ ക്രിമിനൽ റിക്കാർഡുകളിൽ സാധാരണ അവരുടെ പേരുകൾ വരാറില്ലെങ്കിലും, സിവിൽ വേഷത്തിലെത്തിയ പോലീസ് അവരെ നിയമവിരുദ്ധമായി പൊക്കുന്നു. അവരെ കണ്ണുകെട്ടി അടയാളക്കുറികളൊന്നുമില്ലാത്ത വാഹനത്തിൽ പോലീസ് സ്റ്റേഷനിലേക്കല്ല കൊണ്ടുപോകുന്നത്; ഫാംഹൗസ് പോലുള്ള ഇടങ്ങളിലേക്കാണ്. അവിടെവെച്ച് അവരെ പീഡിപ്പിച്ച് ഭീകര കൃത്യങ്ങൾ ചെയ്തതായി അവരെക്കൊണ്ട് സമ്മതിപ്പിക്കുന്നു. പലരും അതിഭീകരമായ പീഡനമുറകൾക്കാണ് ഇരയാവുന്നത്. കുറച്ചുപേർ നിയമത്തിന് പ്രവേശനമില്ലാത്ത 'ഏറ്റുമുട്ടലി'ൽ കൊല്ലപ്പെടുന്നു. ബാക്കിയുള്ളവരെ കുറെ ദിവസത്തെ നിയമവിരുദ്ധ തടങ്കലിന് ശേഷം മജിസ്ട്രേറ്റുമാരുടെ മുമ്പിൽ ഹാജരാക്കുന്നു. പീഡിപ്പിച്ചതിന്റെയും മറ്റും മുറിവുകൾ അവർ മനഃപൂർവം കണ്ടില്ലെന്ന് നടിക്കുന്നു. പിന്നെ ഔദ്യോഗികമായിത്തന്നെ ഈ ചെറുപ്പക്കാരെ നീട്ടിക്കൊടുത്ത പോലീസ് കസ്റ്റഡിയിൽ വിടുന്നു. പലതരം രാജ്യദ്രോഹ-ഭീകരകുറ്റങ്ങളാണ് ഇവരുടെ പേരിൽ ചുമത്തിയിട്ടുണ്ടാവുക. 20 മുതൽ 50 വരെ കുറ്റങ്ങളുണ്ടാവും ചിലപ്പോൾ. ഇതൊക്കെ വിവിധ സംസ്ഥാനങ്ങളിൽ വെച്ച് ചെയ്തു എന്നായിരിക്കും രേഖപ്പെടുത്തിയിട്ടുണ്ടാവുക. യുവാക്കൾക്ക് പ്രതിരോധിക്കാൻ കഴിയാത്ത വിധമായിരിക്കും കുറ്റങ്ങൾ ചാർജ് ചെയ്തിരിക്കുക. നിയമസംവിധാനം നേരാംവണ്ണം പ്രവർത്തിച്ചാൽ തന്നെ വർഷങ്ങളെടുക്കും (ചിലപ്പോൾ പതിറ്റാണ്ടുകളും) ഈ കേസുകളിൽ വാദം കേൾക്കാനും ഓരോരുത്തന്റെയും കാര്യത്തിൽ ഒരു വിധിതീർപ്പിലെത്താനും. ഈ വർഷങ്ങളത്രയും യുവാക്കൾ തടങ്കലിൽ തന്നെയായിരിക്കും. നഷ്ടപ്പെട്ട വർഷങ്ങൾക്കോ അവരുടെ ഉറ്റവർ അനുഭവിച്ച വേദനകൾക്കോ ഒന്നുംതന്നെ പകരമാവില്ല.

ഭീകരബന്ധങ്ങൾ ആരോപിക്കപ്പെടുമെന്നോ, അതിന്റെ പേരിൽ തടങ്കലിലടക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ഏറ്റുമുട്ടലിൽ വധിക്കപ്പെടുകയും ദീർഘിച്ച ഏകപക്ഷീയ വിചാരണക്ക് വിധേയമാക്കപ്പെടുകയും ചെയ്യുമെന്നോ ഉള്ള ഭീതിയില്ലാതെ മുസ്‌ലിം നാമം പേറുന്ന ഏറക്കുറെ ഏതൊരാൾക്കും ജീവിക്കാനാവില്ല എന്നതാണ് സ്ഥിതി. നിങ്ങൾ മുസ്‌ലിമാണോ, എങ്കിൽ നിങ്ങളുടെ കുലവും തൊഴിലും എന്താവട്ടെ, നിങ്ങൾ താമസിക്കുന്ന സ്ഥലം എവിടെയുമാവട്ടെ നിങ്ങൾ സുരക്ഷിതനല്ല. ഈയിടെ വെളിച്ചത്തായ ഹിന്ദുത്വ ഭീകര സംഘടനകളുടെ ചെയ്തികളുടെ കാര്യത്തിൽ തീർത്തും വ്യത്യസ്തമായ മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. നിങ്ങൾ ഒരു മുസ്‌ലിമായാൽ, പ്രത്യേകിച്ച് ഒരു മുസ്‌ലിം പുരുഷനായാൽ നിങ്ങൾ സ്വാഭാവികമായി ഭീകരതയുടെ പേരിൽ സംശയിക്കപ്പെടുമെന്നതാണ് നില. നിങ്ങളുടെ കുറ്റം തെളിയിക്കേണ്ട ബാധ്യതയൊന്നും ഭരണകൂടത്തിനില്ല. നിങ്ങ

**ഈ ശബ്ദങ്ങൾ ഇരയാക്കപ്പെട്ട, നീതിനിഷേധിക്കപ്പെട്ട ഒരു സമുദായത്തിന്റേത് മാത്രമല്ല. ജനാധിപത്യം, മതേതരത്വം, സാഹോദര്യം, നിയമവാഴ്ച തുടങ്ങിയ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന മൂല്യസങ്കൽപങ്ങൾക്കെതിരെ ഉയരുന്ന വെല്ലുവിളികളാണ് യഥാർഥത്തിൽ ഇവയൊക്കെ. ഭീഷണിയുടെ നിഴലിൽ നിൽക്കുന്നത് ഒരു പ്രത്യേക സമുദായത്തിന്റെ ഭാവിയോ പുരോഗതിയോ അല്ലതാനും. വെല്ലുവിളിക്കപ്പെടുന്നതും ആക്രമിക്കപ്പെടുന്നതും ഇന്ത്യ എന്ന ആശയം തന്നെയാണ്.**

---

ളുടെ നിരപരാധിത്വം തെളിയിക്കേണ്ട ബാധ്യത നിങ്ങൾക്ക് തന്നെയാണ്.

## നിഷേധിക്കപ്പെടുന്ന മോഹങ്ങൾ

ഭീകരതയുടെ പേരിൽ തങ്ങൾ ഉന്നംവെക്കപ്പെടുന്നു എന്നതിൽ ഒതുങ്ങുന്നില്ല മുസ്‌ലിം പൗരന്മാരുടെ ഉൽക്കണ്ഠ. ഇന്ത്യയുടെ വികസനത്തിൽ തുല്യ പങ്കാളികളാവുകയെന്ന മുസ്‌ലിം സ്ത്രീപുരുഷന്മാരുടെ ആഗ്രഹം സഫലമാകാത്ത കാര്യവും സമ്മേളനത്തിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. ഉയർന്ന വിദ്യാഭ്യാസം നേടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് പലരും സംസാരിച്ചത്. സമുദായത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ മുതൽമുടക്ക് ഉണ്ടാവണമെന്ന് അവർക്ക് ആഗ്രഹമുണ്ട്.

സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ എടുത്തുപറഞ്ഞ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് യു.പി.എ ഗവൺമെന്റ് നടപ്പാക്കുന്ന സ്കീമുകളുടെ ഘടനാപരമായ പോരായ്മകളെക്കുറിച്ചും ആഴത്തിലുള്ളതും സൂക്ഷ്മവുമായ അവലോകനങ്ങൾ നടന്നു. ആളോഹരി വിഹിതം നോക്കിയാൽ സമുദായത്തിന് വേണ്ടി നീക്കിവെക്കുന്ന തുക ഇപ്പോഴും ദയനീയമാം വിധം ശുഷ്കം തന്നെയാണ്. മുസ്‌ലിംകൾ ധാരാളമുള്ള ജില്ലകളിൽ പ്രഖ്യാപിച്ചിട്ടുള്ള മുതൽമുടക്ക് കൂടിവന്നാൽ സമുദായ ജനസംഖ്യയുടെ മുപ്പത് ശതമാനത്തിന് മാത്രമേ എത്തുകയുള്ളൂ. യു.പി.എ ഗവൺമെന്റിന്റെ ശ്രദ്ധേയമായ സമുദായ വികസന പദ്ധതികളെല്ലാം തന്നെ മുസ്‌ലിംകൾ കൂടുതലുള്ള ജില്ലകളെ കേന്ദ്രീകരിച്ചാണ്. സമുദായാംഗങ്ങളെ മാത്രം മുമ്പിൽ കണ്ടുള്ള പദ്ധതികളല്ല ഇവയൊന്നും. ഫണ്ട് പോകുന്നത് അതത് ജില്ലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാകയാൽ, സമുദായത്തിലെ അവശർക്ക് നേർക്കുനേരെ സഹായം കിട്ടാനുള്ള സാധ്യത കുറവാണ്. പൊതുവെ സ്വാഗതം ചെയ്യപ്പെട്ടതാണ് മുസ്‌ലിം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള സ്കോളർഷിപ്പ്. അതിനും നടത്തിപ്പ് സംബന്ധമായ ന്യൂനതകളുണ്ട്. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ഫിനാൻസ് സ്ഥാപനങ്ങൾ മുസ്‌ലിംകൾക്ക് വായ്പ നൽകാൻ തയാറാകുന്നില്ല എന്നതാണ് മറ്റൊരു പ്രശ്നം.

ഭീകര കൃത്യങ്ങളല്ലാതെ, മറ്റു ക്രിമിനൽ കുറ്റങ്ങളും മുസ്‌ലിംകൾക്കെതിരെ ചാർജ് ചെയ്യപ്പെടുന്നു. ജയിലുകളിൽ ക്രമാതീതമായി ഉയരുന്ന മുസ്‌ലിം തടവുകാരുടെ എണ്ണം അതിന്റെ സൂചനയാണ്. ആഭ്യന്തരം, വിദ്യാഭ്യാസം, സാമൂഹികക്ഷേമം തുടങ്ങിയ മർമപ്രധാനമായ വകുപ്പുകളിലെ തസ്തികകൾ ഇപ്പോഴും കൈവശംവെച്ചിരിക്കുന്നത് വർഗീയ ആശയങ്ങളോടും സംഘടനകളോടും അനുഭാവം പുലർത്തുന്ന

വരാണ്. കേന്ദ്ര-സംസ്ഥാന സർക്കാറുകളിൽ ഒരുപോലെ ഇതാണ് സ്ഥിതി. ഇവരെ കണ്ടെത്തി മാറ്റുന്നതിന് യു.പി.എ ഗവൺമെന്റ് കാര്യമായി ഒന്നും ചെയ്തിട്ടില്ല.

സമുദായത്തിനെതിരെയുള്ള ഇത്തരം മുൻവിധികൾ ഭരണസംവിധാനത്തിൽ മാത്രമല്ല, അതിന് പുറത്തും നിലനിൽക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. ഒരു വിഭാഗം മീഡിയ ചില വർഗീയ വാർപ്പു മാതൃകകൾ പടച്ചുവിടുകയാണ്. ഭീകരസംബന്ധമായ അറസ്റ്റുകളിലും ഏറ്റുമുട്ടൽ വധങ്ങളിലും മീഡിയ പോലീസ് ഭാഷ്യങ്ങളെ യാതൊരു വിമർശവും കൂടാതെ അപ്പടി സംപ്രേഷണം ചെയ്യുകയാണ്. പാഠപുസ്തകങ്ങളിലും ഇതുപോലുള്ള വിവേചനങ്ങൾ കാണാം. ഗ്രാമങ്ങളിൽ പാർക്കുന്ന രാജ്യത്തെ മില്യൻ കണക്കിന് ദരിദ്ര വിദ്യാർഥികൾക്ക് പാഠപുസ്തകമല്ലാതെ മറ്റൊരു അച്ചടിച്ച പുസ്തകവും ലഭ്യമല്ലാതിരിക്കെ ഇത്തരം മുൻധാരണകൾ കടത്തിക്കൂട്ടുന്നത് വലിയ അപകടം ചെയ്യും.

അമുസ്‌ലിം ഏരിയകളിൽ മുസ്‌ലിംകൾക്ക് വീട് വാടകക്കോ വിലയ്ക്കോ കിട്ടാൻ പ്രയാസമാണെന്ന് ഇന്ത്യയുടെ പലഭാഗങ്ങളിൽനിന്നും റിപ്പോർട്ടുകളുണ്ട്. സ്കൂളുകളിലും ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അഡ്മിഷന്റെ കാര്യവും ഇതുപോലെ തന്നെ. മുസ്‌ലിംകളുടെ ജീവനോപാധികൾ ആസൂത്രിതമായി തകർക്കാൻ ശ്രമം നടത്തുന്നതായും പരാതി ഉയരുന്നു. ഹിന്ദു പെൺകുട്ടികളെ റാഞ്ചിയെടുക്കുന്നവരായും ഹിന്ദുക്കൾക്ക് പവിത്രമായ പശുവിനെ കൊല്ലുന്നവരായും അവർ ചിത്രീകരിക്കപ്പെടുന്നു. ഇതിനെക്കുറിച്ചെല്ലാം സമ്മേളനത്തിൽ സംസാരമുണ്ടായി.

ഈ ശബ്ദങ്ങൾ ഇരയാക്കപ്പെട്ട, നീതിനിഷേധിക്കപ്പെട്ട ഒരു സമുദായത്തിന്റേത് മാത്രമല്ല. ജനാധിപത്യം, മതേതരത്വം, സാഹോദര്യം, നിയമവാഴ്ച തുടങ്ങിയ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന മൂല്യസങ്കൽപങ്ങൾക്കെതിരെ ഉയരുന്ന വെല്ലുവിളികളാണ് യഥാർഥത്തിൽ ഇവയൊക്കെ. ഭീഷണിയുടെ നിഴലിൽ നിൽക്കുന്നത് ഒരു പ്രത്യേക സമുദായത്തിന്റെ ഭാവിയോ പുരോഗതിയോ അല്ലതാനും. വെല്ലുവിളിക്കപ്പെടുന്നതും ആക്രമിക്കപ്പെടുന്നതും ഇന്ത്യ എന്ന ആശയം തന്നെയാണ് (*ദ ഹിന്ദു*, 2009 ഒക്ടോബർ 25). ■